REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കൃഷിയും ഗ്രാമീണ സമൃദ്ധിയും ഏകദിന ബജറ്റാനന്തര വെബിനാറിനെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകഴിഞ്ഞ് വെർച്വലായി അഭിസംബോധന ചെയ്യും.**
- **സംസ്ഥാന വനിതാ കമ്മീഷന്റെ അന്താരാഷ്ട്ര വനിതാ ദിനാഘോഷപരിപാടികൾ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് റംസാൻ വ്രതാരംഭം നാളെയായിരിക്കുമെന്ന് കേരള ഹിലാൽ കമ്മിറ്റി. ഇന്ന് മാസപിറവി ദർശിക്കുന്നവർ അറിയിക്കണമെന്ന് ഖാസിമാർ.**
- **ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഓസ്ട്രേലിയ സെമി ഫൈനൽ യോഗ്യത നേടി.**
- **ISL ഫുട്ബോളിൽ കൊച്ചിയിൽ വൈകീട്ട് കേരള ബ്ലാസ്റ്റേഴ്സ്, ജംഷഡ്പൂർ FC യെ നേരിടും.**

## വാർത്തകൾ വിശദമായി

കൃഷിയും ഗ്രാമീണ സമൃദ്ധിയും എന്ന വിഷയത്തിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ഏകദിന ബജറ്റാനന്തര വെബിനാറിനെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകഴിഞ്ഞ് വെർച്വലായി അഭിസംബോധന ചെയ്യും. എല്ലാ കേന്ദ്രമന്ത്രിമാരും പരിപാടിയിൽ പങ്കെടുക്കും. ഈവർഷത്തെ ബജറ്റ് പ്രഖ്യാപനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രീകൃത ചർച്ചയ്ക്ക് വെബിനാർ വേദിയൊരുക്കും. കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ വൈകിട്ട് പരിപാടിയിൽ സംസാരിക്കും.

✪✪✪

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലെ NXT കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. ന്യൂസ്എക്സ് വേൾഡ് ചാനലിന് ചടങ്ങിൽ തുടക്കമിടും.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് മുംബൈ സന്ദർശിക്കും. KPB ഹിന്ദുജ കോളേജിന്റെ വാർഷിക പരിപാടിയിൽ ധൻകർ പങ്കെടുക്കും.

✪✪✪

സംസ്ഥാന വനിതാ കമ്മീഷന്റെ അന്താരാഷ്ട്ര വനിതാ ദിനാഘോഷപരിപാടികൾ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ചടങ്ങിൽ സ്ത്രീശക്തി, മാധ്യമ, ജാഗ്രതാ സമിതി പുരസ്കാരങ്ങൾ മന്ത്രി വീണാജോർജ് വിതരണം ചെയ്യും.

വനിതാ കമ്മീഷന്റെ പ്രഥമ സ്ത്രീശക്തി പുരസ്കാരത്തിന് ഒമ്പത് പേരാണ് അർഹരായത്. വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചവരാണ് ഇവരിൽ ഓരോരുത്തരും.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.........

സംഗീതജ്ഞയും ഈ വർഷത്തെ പത്മശ്രീ പുരസ്കാര ജേതാവുമാണ് സ്ത്രീശക്തി അവാർഡിന് അർഹയായ ഡോ. K. ഓമനക്കുട്ടി ടീച്ചർ. അണ്ടർ ട്വന്റി-20 ലോകകപ്പ് നേടിയ ഇന്ത്യൻ ടീം അംഗമായ VJ ജോഷിതയും, ക്യാൻസർ അതിജീവിതയും പൂജപ്പുരയിലെ വനിതകളുടെ തുറന്ന ജയിൽ സൂപ്രണ്ടുമായ സോഫിയ ബീവിയും പുരസ്കാരത്തിന് അർഹരായി. രാഷ്ട്രപതിയുടെ വിശിഷ്ടസേവന മെഡലും സോഫിയ ബീവിയ്ക്ക് ലഭിച്ചിട്ടുണ്ട്. അവാർഡ് ജേതാവായ മലപ്പുറത്തെ സാക്ഷരതാ പ്രവർത്തക KV റാബിയ 2022 ൽ പത്മശ്രീ പുരസ്കാരം നേടിയിരുന്നു.

18-ന് മേൽ പ്രായക്കാരായ ഭിന്നശേഷിക്കാർക്കായി തൃശൂർ കാര്യാട്ടുകരയിൽ അസോസിയേഷൻ ഫോർ മെന്റലി ഹാൻഡിക്യാപ്ഡ് അഡൽട്ട്സ് എന്ന സ്ഥാപനം നടത്തി വരുന്ന പ്രൊഫ. P.ഭാനുമതി ആണ് അവാർഡ് ജേതാക്കളുടെ പട്ടികയിലെ മറ്റൊരാൾ. തൃശൂർ കേരള വർമ കോളേജിൽ നിന്ന് വിരമിച്ച അധ്യാപികയാണ് അവർ.

ഇടുക്കിയിൽ അന്യം നിന്ന് പോയ കിഴങ്ങു വർഗങ്ങളുടെ പരിരക്ഷകയായ 85 കാരി ലക്ഷ്മി ഊഞ്ഞാംപാറകുടിയും സ്ത്രീ ശക്തി പുരസ്കാരം നേടി. ചെങ്കൽ ചൂളയിലെ ഹരിത കർമ്മ സേനാംഗമാണ് സാഹിത്യകാരി കൂടിയായ ധനൂജ കുമാരി. കരിവെള്ളൂർ സ്വദേശിയും മസ്കുലർ ഡിസ്ട്രോഫി ബാധിതയുമാണ് പുരസ്കാരത്തിന് അർഹയായ എഴുത്തുകാരി സതി കൊടക്കാട്. ജീവിത സാഹചര്യങ്ങൾ തരണം ചെയ്യാൻ മരംവെട്ട് ഉപജീവനമാക്കിയ പാലക്കാട് സ്വദേശി S. സുഹദയും സ്ത്രീ ശക്തി പുരസ്കാരത്തിന് അർഹയായി.

✪✪✪

കേരള പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഓൺലൈനായി നാടിന് സമർപ്പിക്കും. പൊലീസ് മന്ദിരങ്ങളും, പോലീസ് സേവനങ്ങളെ സംബന്ധിച്ച പരാതിപരിഹാര സംവിധാനവും അദ്ദേഹം ചടങ്ങിൽ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിലെ ചടങ്ങിൽ മന്ത്രി V. ശിവൻകുട്ടി അധ്യക്ഷനാകും.

✪✪✪

കോഴിക്കോട് ജില്ലയിലെ വിലങ്ങാട് പ്രകൃതി ദുരന്തബാധിത വില്ലേജുകളിലെ വായ്പകൾക്കും ഗവൺമെന്റ് കുടിശ്ശികകൾക്കും റവന്യൂ റിക്കവറി നടപടികൾക്കും ഗവൺമെന്റ് മൊറട്ടോറിയം പ്രഖ്യാപിച്ചു.

വിലങ്ങാട്, നരിപ്പറ്റ, തൂണേരി, വളയം, ചെക്യാട്, തിനൂർ, എടച്ചേരി, വാണിമേൽ, നാദാപുരം വില്ലേജുകളിലാണ് മൊറട്ടോറിയം ബാധകമാക്കുന്നത്.

✪✪✪

പട്ടികവർഗ്ഗ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് മേഖലയിലെ അംഗീകൃത രജിസ്റ്റേഡ് സംഘടനകളുടെ പ്രതിനിധികളുമായി ഈ മാസം അഞ്ചിന് മന്ത്രി OR കേളു തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. സംഘടനകളിലെ ഓരോ പ്രതിനിധികൾക്ക് കൂടിക്കാഴ്ചയിൽ പങ്കെടുക്കാം.

✪✪✪

ഫെബ്രുവരിയിലെ റേഷൻ വിതരണം മാർച്ച് 3 വരെ നീട്ടിയതായി മന്ത്രി GR അനിൽ അറിയിച്ചു. മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് നാലിന് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും. അഞ്ചിന് ഈ മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

✪✪✪

വെയിൽസ് ആരോഗ്യ, സാമൂഹിക ക്ഷേമ കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് മുഖ്യമന്ത്രി പിണറായി വിജയനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച്ച നടത്തി. വരുന്ന വർഷം 200 ആരോഗ്യ പ്രവർത്തകരെ കൂടി വെയിൽസിലേക്ക് റിക്രൂട്ട് ചെയ്യാൻ അദ്ദേഹം മുഖ്യമന്ത്രിയെ സന്നദ്ധത അറിയിച്ചു.

ഒരു വർഷം 350 ലേറെ ആരോഗ്യപ്രവർത്തകർ നോർക്ക റൂട്ട്സ് വഴി വെയിൽസിലെത്തിയിട്ടുണ്ട്.

✪✪✪

ഇന്നലെ മാസപ്പിറവി കണ്ടതായി വിവരം ലഭിക്കാത്ത സാഹചര്യത്തിൽ റംസാൻ ഒന്ന് നാളെയായിരിക്കുമെന്ന് കേരള ഹിലാൽ കമ്മിറ്റി ചെയർമാൻ PP ഉണ്ണീൻകുട്ടി മൗലവി അറിയിച്ചു.

ഇന്ന് മാസപിറവി ദർശിക്കുന്നവർ വിവരമറിയിക്കണമെന്ന് ഖാസിമാരായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ, കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ് കോയ ജമലുല്ലൈലി തങ്ങൾ എന്നിവർ അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലാ ഭരണകൂടം, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി ചേർന്ന് ഇന്ന് രാത്രി കൂട്ടയോട്ടം സംഘടിപ്പിക്കും. സാമൂഹിക ഐക്യം, സ്ത്രീ സുരക്ഷ, ആരോഗ്യ സമൂഹം എന്നീ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന കൂട്ടയോട്ടം രാത്രി 11ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഫ്ളാഗ് ഓഫ് ചെയ്യും. കണ്ണൂർ നഗരം ചുറ്റിയാണ് കൂട്ടയോട്ടം.

✪✪✪

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിക്ക് ഇന്ന് തലശ്ശേരിയിൽ തുടക്കമാകും. സംസ്ഥാനതല ചടങ്ങ് രാവിലെ ടൗൺഹാളിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

........വോയ്സ്..........

തീരദേശ മത്സ്യ ഗ്രാമങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സമഗ്ര പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ

ഫിഷിംഗ് വില്ലേജ്  പദ്ധതി. കണ്ണൂരിന് പുറമെ സംസ്ഥാനത്തെ എട്ട് തീരദേശ പ്രദേശത്താണ് പദ്ധതി നടപ്പാക്കുന്നത് . കണ്ണൂർ  ജില്ലയിൽ തലശ്ശേരി ചാലിൽ ഗോപാലപ്പേട്ട മത്സ്യഗ്രാമം, ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ മത്സ്യഗ്രാമം, എറണാകുളത്ത്  ചെല്ലാനം, നായരമ്പലം, തൃശ്ശൂർ  എടക്കഴിയൂർ,, മലപ്പുറം ജില്ലയിൽ പൊന്നാനി, താനൂർ മത്സ്യഗ്രാമങ്ങൾ, കോഴിക്കോട്  ചാലിയം മത്സ്യഗ്രാമം, കാസർകോട് ജില്ലയിൽ ഷിറിയ എന്നീ തീരദേശ മത്സ്യഗ്രാമങ്ങളിലാണ് ഈ പദ്ധതിക്ക്  അംഗീകാരം ലഭിച്ചിട്ടുള്ളത്. തലശ്ശേരി നഗരസഭ ടൗൺ ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ, സ്പീക്കർ എ.എൻ ഷംസീർ എന്നിവർ സംബന്ധിക്കും.

✪✪✪

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഓസ്ട്രേലിയ സെമി ഫൈനൽ യോഗ്യത നേടി. അഫ്ഗാനിസ്ഥാനെതിരായ അവസാന ഗ്രൂപ്പ് B മത്സരം ഉപേക്ഷിച്ചതിനാൽ ടീമുകൾ പോയിന്റു പങ്കിടുകയായിരുന്നു.

✪✪✪

ISL ഫുട്ബോളിൽ കൊച്ചിയിൽ വൈകീട്ട് ഏഴരയ്ക്ക് കേരള ബ്ലാസ്റ്റേഴ്സ്, ജംഷഡ്പൂർ FC യെ നേരിടും. മുംബൈയിൽ  ആദ്യ മത്സരത്തിൽ വൈകിട്ട് അഞ്ചിന് മുംബൈ സിറ്റി FC, മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ നേരിടും.

ഭുവനേശ്വറിൽ ഇന്നലെ ഒഡിഷ FC - മൊഹമ്മദൻ  SC മത്സരം, ഗോൾരഹിത സമനിലയിൽ അവസാനിച്ചു.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ് 9 വിക്കറ്റിന് മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി.

ഇന്ന് ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. വൈകീട്ട് 7.30ന് ബംഗലൂരുവിലാണ് മത്സരം.

✪✪✪

ശാരീരിക വെല്ലുവിളി നേരിടുന്ന ബഡ്സ് BRC വിദ്യാർത്ഥികളുടെ ആദ്യ, സംസ്ഥാന ബഡ്സ് ഒളിമ്പിയ കായികമേളയിൽ മലപ്പുറം ജില്ല ചാമ്പ്യന്മാരായി. കാലിക്കറ്റ് സർവകലാശാല സിന്തറ്റിക് ട്രാക്കിലെ മേളയിൽ 71 പോയിന്റോടെയാണ് മലപ്പുറം ഓവർ ഓൾ ചാമ്പ്യന്മാരായത്.  കുടുംബശ്രീയാണ് മേള സംഘടിപ്പിച്ചത്.

✪✪✪

അഖിലേന്ത്യ അന്തർസർവകലാശാല പുരുഷ വാട്ടർപോളോ ചാമ്പ്യൻഷിപ്പിൽ കേരളയും കാലിക്കറ്റും ഫൈനലിലെത്തി. ഇന്ന് രാവിലെയാണ് ഫൈനൽ.

✪✪✪

കോഴിക്കോട് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗത്തിന്റെ കാഷ്വൽ ന്യൂസ് റീഡർ കം ട്രാൻസലേറ്റർ, കാഷ്വൽ ന്യൂസ് എഡിറ്റർ പാനലുകളിലേക്ക് എഴുത്തു പരീക്ഷ നാളെ കോഴിക്കോട് നടക്കാവ് ഗവൺമെൻറ് വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂളിൽ നടത്തും. രാവിലെ 9 മുതൽ 12 വരെയാണ് കാഷ്വൽ ന്യൂസ് റീഡർ പരീക്ഷ.

കാഷ്വൽ ന്യൂസ് എഡിറ്റർ പാനലിലേക്ക് എഴുത്തു പരീക്ഷ ഉച്ചകഴിഞ്ഞ് ഒന്നര മുതൽ നാലര വരെ ആയിരിക്കും.

✪✪✪

ഇടുക്കി ജില്ലയിലെ വിവിധ വെൽഫെയർ ഹോമുകളിലെ കുട്ടികൾക്കായി ശിശുദിനത്തിൽ ആരംഭിച്ച 'ചിന്ന ചിന്ന ആശൈ പദ്ധതി' ഇന്ന് രണ്ടാം ഘട്ടത്തിലേക്ക് കടക്കുന്നു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

..വോയ്സ്.....

ജന്മദിനത്തിൽ വെൽഫെയർ ഹോമിലെ കുട്ടികൾക്ക് ചെറിയ സമ്മാനങ്ങൾ നൽകി അവരുമായി സന്തോഷം പങ്കിടുന്ന പരിപാടിയാണിത്. ലഘു പിറന്നാൾ ട്രീറ്റ് നൽകിയും, പാട്ടുപാടിയും കഥപറഞ്ഞും സ്നേഹാശംസകൾ അയച്ചും പൊതുജനങ്ങൾക്ക് പരിപാടിയിൽ പങ്കെടുക്കാം.

ഇന്ന് തൊടുപുഴ മൈലകൊമ്പ് അക്ഷയ ഗേൾസ് ഹോമിലെ 17-കാരിക്ക് പിറന്നാൾ സമ്മാനം നല്കാൻ ജില്ലാ കളക്ടർ V വിഗ്നേശ്വരി വൈകീട്ട് നേരിട്ടെത്തും.

കാന്തല്ലൂർ ലിറ്റിൽ ഫ്ലവർ മേഴ്സി ഹോം ഫോർ ബോയ്സിലെ 13-കാരനും, മറയൂർ സെന്റ് ജോസഫ് ബാലഭവനിലെ ആറു വയസ്സുകാരനും, മറയൂരിലെത്തന്നെ സെന്റ് ജോസഫ് ബാലഭവൻ ഗേൾസിലെ 8 വയസ്സുകാരിയും ഇന്ന് പിറന്നാൾ ആഘോഷിക്കും. ഇവർക്ക് സമ്മാനങ്ങൾ നേരിട്ട് നല്കാൻ പൊതുജനങ്ങൾക്ക് പ്രത്യേക സമയം അനുവദിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് താമരശേരിയിൽ സ്കൂൾ വിദ്യാർഥികൾ തമ്മിലുണ്ടായ സംഘർഷത്തിൽ ഗുരുതരമായി പരുക്കേറ്റ് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലായിരുന്ന 16കാരൻ മരിച്ചു. താമരശേരി ചുങ്കം സ്വദേശി മുഹമ്മദ് ഷഹബാസാണ് മരിച്ചത്. സംഘർഷവുമായി ബന്ധപെട്ട് അഞ്ച് വിദ്യാർഥികളെ ജുവനൈൽ ബോർഡിന് മുന്നിൽ ഹാജരാക്കി.

✪✪✪

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ച ഒരു യുവതി കൂടി മരിച്ചു. കോഴിക്കോട് പെരുവയൽ കുറ്റിക്കാട്ടൂർ സ്വദേശിനി ജിസ്ന എന്ന 38 കാരിയാണ് മരിച്ചത്. രോഗ ഉറവിടം വ്യക്തമായിട്ടില്ല. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു.

✪✪✪

സമൂഹത്തിലെ വർധിച്ചുവരുന്ന അക്രമവാസനകളും കൊലപാതക പരമ്പരകളും അമർച്ച ചെയ്യാൻ ചീഫ് സെക്രട്ടറി സത്വരനടപടി എടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദേശിച്ചു. രണ്ട് മാസത്തിനകം നടപടികളെ സംബന്ധിച്ച റിപ്പോർട്ട് കമ്മീഷന് കൈമാറണം.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: അനുഷ ആത്മപ്രകാശ്, ഹബീബ് റഹ്മാൻ*
*DEO: സുബോധ് സി കെ*

आकाशवाणी